**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ചങ്ങനാശ്ശേരി നഗരസഭ - വിജിലൻസ് മിന്നൽ പരിശോധന - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.എം. നിസാറുദ്ദീനെതിരെ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

**സ.ഉ.(സാധാ) നം.1835/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 04/07/2018

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 26-04-2014-തീയതിയിലെ ഇ5(എസ്.സി.29/13/കെടിഎം)31925/2013 നമ്പർ കത്ത്

2 സർക്കാരിന്റെ 07/04/2016 തീയതിയിലെ ഇയു1/5/2016തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.

3 കുറ്റപത്രത്തിന് ശ്രീ.എം. നിസാറുദ്ദീൻ സമർപ്പിച്ച18/05/2016തിയതിയിലെ പ്രതിവാദ പത്രിക

4 നഗരകാര്യ ഡയറക്ടറുടെ 04/05/2018 തീയതിയിലെ വി1-9580/16/ഡിയുഎ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോ, ഓപ്പറേഷൻ സർവീസ് റൈറ്റ്സ് (Operation Service Rights ) എന്ന പേരിൽ 09.09.2013 തീയതിയിൽ ചങ്ങനാശ്ശേരി നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ നഗരസഭാ ഓഫീസിൽ വിവിധ സെക്ഷനുകളിൽ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ലായെന്നും, വിവിധ സെക്ഷനുകളിൽ ധാരാളം അപേക്ഷകൾ സമയപരിധി പാലിക്കാതെ കാലതാമസം വരുത്തിയിരിക്കുന്നുവെന്നും കണ്ടെത്തുകയും വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്നത്തെ നഗരസഭാ സെക്രട്ടറി ആയിരുന്ന ശ്രീ. എം നിസാറുദ്ദീനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തിരുന്നു.

കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. എം. നിസാറുദ്ദീൻ നൽകിയ മറുപടിയിൽ 09.09.2013-ൽ ചങ്ങനാശ്ശേരി നഗരസഭയിൽ നടത്തിയ വിജിലൻസ് പരിശോധന സംബന്ധിച്ച് അറിയിപ്പ് ലഭിച്ചിട്ടില്ലായെന്നും നഗരസഭയിലെ വിവിധ സെക്ഷൻ

മേധാവികൾക്ക് സെക്രട്ടറിയുടെ ചുമതലകൾ ഡെലിഗേറ്റ് ചെയ്തു നൽകിയിട്ടുണ്ടെന്നും പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ അതാത് സെക്ഷനുകളിലാണ് സൂക്ഷിച്ചു വരുന്നതെന്നും സെക്ഷനുകളുടെ ചുമതലകൾ വഹിക്കുന്ന ഉദ്യോഗസ്ഥ മേധാവികൾക്ക് ചുമതലകൾ ഡെലിഗേറ്റ് ചെയ്തു നല്കിയിട്ടുള്ള സാഹചര്യത്തിൽ ടി ഉദ്യോഗസ്ഥരാണ് പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനും അപേക്ഷകൾ സമയപരിധിക്കുള്ളിൽ തീർപ്പാക്കാതെ വച്ചിരിക്കുന്നതിനും ഉത്തരവാദികളെന്നും രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ വിവിധ സെക്ഷൻ മേധാവികളുടെ യോഗങ്ങൾ കൂടെക്കൂടെ വിളിച്ചു ചേർത്ത് അപേക്ഷകൾ തീർപ്പാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ കൃത്യമായി നൽകാറുണ്ടായിരുന്നുവെന്നും പൊതുജനങ്ങളുമായി ബന്ധപ്പെട്ട അപേക്ഷകളിന്മേൽ കാലതാമസം ഉണ്ടായതായി യാതൊരു പരാതിയും താൻ സെക്രട്ടറിയായിരുന്ന കാലയളവിൽ ലഭിച്ചിരുന്നില്ലായെന്നും ഈകാലയളവിൽ ഏതെങ്കിലും പരാതികൾ ഉയർന്നു വന്നിട്ടുള്ളതായി ഡെലിഗേഷൻ ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥർ അറിയിച്ചിട്ടില്ലായെന്നും പ്രസ്താവിച്ചിരിക്കുന്നു.

ശ്രീ.എം.നിസാറുദ്ദീൻ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 50(2) പ്രകാരം ചുമതലകൾ മറ്റ് ഉദ്യോഗസ്ഥർക്ക് ഡെലിഗേറ്റ് ചെയ്തു നൽകിയിട്ടുണ്ടെങ്കിലും നഗരസഭാ സെക്രട്ടറി എന്ന നിലയിൽ നഗരസഭയുടെ പരാതിരഹിതമായി പ്രവർത്തനത്തിന് ഉദ്യോഗസ്ഥരുടെ പ്രവർത്തനം വിലയിരുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമായിരുന്നുവെന്നും ഇത്തരം വീഴ്ചകൾ മേലിൽ ആവർത്തിക്കരുതെന്ന് കർശനമായ താക്കീത് നൽകി ടിയാന്റെ പേരിലുള്ള അച്ചടക്ക നടപടികൾ തീർപ്പ് കൽപ്പിക്കുന്ന വിഷയം പരിഗണിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്തു.

സർക്കാർ ഈ വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. എം. നിസാറുദ്ദീൻ സമർപ്പിച്ച പ്രതിവാദ പത്രികയുടെയും നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും ശ്രീ. എം. നിസാറുദ്ദീൻ 31/05/2018 ൽ സർവീസിൽനിന്നും വിരമിച്ചുവെന്ന വസ്തുതയും കണക്കിലെടുത്ത് ടിയാനെതിരായി ആരംഭിച്ച അച്ചടക്കനടപടികൾ അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ്.മോഹൻദാസ്
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീ. എം.നിസാറുദ്ദീൻ, മുൻ സെക്രട്ടറി, ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി (നഗരകാര്യ ഡയറക്ടർ മുഖേന)

സെക്രട്ടറി, ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി.

വിജിലൻസ് (ഡി) വകുപ്പ് (vide Note No. Vig-D1-631/2018-Vig. Dated 07-06-2018)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ